കുടുംബശ്രീ

ഗ്രാമകം

ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പദ്ധതി

# ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പദ്ധതി (വിപിആർപി) കുടുംബശ്രീയിലൂടെ, ഗ്രാമകം ക്യാമ്പെയ്ൻ പുരോഗമിക്കുന്നു

തദ്ദേശ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ചാണ് കുടുംബശ്രീയുടെ താഴേത്തട്ടിലുള്ള പ്രവർത്തനങ്ങൾ സാധ്യമാക്കുന്നത്. ഒരു ഗ്രാമത്തിലെ ഏറ്റവും സാധാരണക്കാരായ ആളുകളുടെ ആവശ്യങ്ങൾക്ക് മുഖ്യപരിഗണന നൽകാൻവേണ്ടി ജനങ്ങളുടെ ആവശ്യങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ കുടുംബശ്രീ സംഘടനാ സംവിധാനം നിരന്തരം ശ്രമിക്കാറുണ്ട്. ഈ പ്രവർത്തനം ദേശീയ ഗ്രാമീണ ഉപജീവന ദൗത്യ(നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ- എൻആർഎൽഎം)ത്തിന്റെ കൂടി നിർദ്ദേശ പ്രകാരം ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പദ്ധതി(വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ- വിപിആർപി)യായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ ഇപ്പോൾ നടത്തിവരികയാണ്. അതേക്കുറിച്ച് ഇന്നത്തെ ലേഖനത്തിൽ എഴുതാം.

ഓരോ ഗ്രാമതലത്തിലും വ്യത്യസ്തങ്ങളായ ആവശ്യങ്ങളായിരിക്കും പൊതുജനങ്ങൾക്കും കുടുംബത്തിനും സമൂഹത്തിനുമുണ്ടാകുക. വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുക, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുക, തൊഴിലുറപ്പ് കാർഡ് ലഭിക്കുക തുടങ്ങി വ്യക്തികൾക്ക് അവകാശപ്പെട്ടിട്ടുള്ള ധാരാളം സേവനങ്ങൾ ലഭിക്കേണ്ടതുണ്ട്. ഇപ്രകാരം ഓരോ വ്യക്തിക്കും അർഹമായ അവകാശങ്ങൾ വിപിആർപിയുടെ ഒരു ഭാഗത്ത് ഉൾപ്പെടുത്തും. അവകാശങ്ങൾ സംബന്ധിച്ച പദ്ധതികൾ കൂടാതെ ഓരോ വ്യക്തിക്കും ഉപജീവനത്തിന് വേണ്ടിയുള്ള പദ്ധതികൾ കൂടെ ഗ്രാമതലത്തിലുള്ള ഈ ആസൂത്രണ പ്രക്രിയയുടെ പ്രധാന ഭാഗമാകും. കാർഷികം, മൃഗസംരക്ഷണം, ചെറുകിട സംരംഭം, വിപണനം എന്നിങ്ങനെയുള്ള മേഖലകളിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും കൂട്ടായ്മകൾക്കുമൊക്കെ എന്തൊക്കെയാണ് ആവശ്യങ്ങളുള്ളതെന്ന് മനസ്സിലാക്കി ആ ആവശ്യങ്ങൾ ചിട്ടപ്പെടുത്തി പഞ്ചായത്ത്തലത്തിൽ പദ്ധതി രൂപീകരണത്തിൽ ഉൾപ്പെടുത്തും.

ഇത് കൂടാതെ ഒരു സമൂഹത്തിന്റെ പൊതുവായ വളർച്ചയും വികസനവും സാധ്യമാക്കുന്ന ആവശ്യങ്ങളുമുണ്ടായേക്കാം. മദ്യപാനം, പരിസ്ഥിതി പ്രശ്നങ്ങൾ, പരിസര മലിനീകരണം തുടങ്ങി പ്രാദേശികമായ പൊതുസാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പദ്ധതികൾ ആവശ്യമായി വന്നേക്കാം. ഇതിലുപരിയായി പൊതു ആസ്തികൾ നിർമ്മിക്കാനും ജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭിക്കാനും റോഡ്, തടയിണ നിർമ്മാണം, കുടിവെള്ളം,

വഴിവിളക്കുകൾ, വായനശാല, പൊതു ഇടങ്ങൾ, പൊതു കളിസ്ഥലം എന്നിങ്ങനെയുള്ള വ്യത്യസ്തമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് ലഭിക്കാനുമുള്ള ആവശ്യം താഴേത്തട്ടിലുണ്ടാകും.

ഇത്തരത്തിൽ ഒരു നാടിന്റെ അവകാശ പദ്ധതികൾ, ഉപജീവന പദ്ധതികൾ, സാമൂഹ്യ പദ്ധതികൾ, പൊതു ആസ്തി നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾ കുടുംബശ്രീ അംഗങ്ങളിൽ നിന്നും സ്വീകരിച്ചുകൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഒരു പ്ലാനായി പഞ്ചായത്തിന് സമർപ്പിക്കുന്ന പ്രക്രിയയാണ് വിപിആർപിയിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്.

ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പദ്ധതി (വിപിആർപി) പ്രകാരം കേരളത്തിലെ 941 പഞ്ചായത്തുകളുടെയും ഈ ദാരിദ്ര്യ ലഘൂകരണ പ്ലാൻ തയാറാക്കുന്നതിനുള്ള പ്രവർത്തനം കുടുംബശ്രീ ആരംഭിച്ചു കഴിഞ്ഞു. 'ഗ്രാമകം' എന്ന പേരിൽ ഒരു ക്യാമ്പെയ്നും ആരംഭിച്ചു. ഇതിനായി പരിശീലന ടീം അംഗങ്ങളായ 320 റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്തു. ഇവർ സിഡിഎസ് തലത്തിൽ പരിശീലനം നൽകുന്നു. തുടർന്ന് വിപിആർപി തയാറാക്കുന്നതിനായി പ്രത്യേക അയൽക്കൂട്ട യോഗം ചേർന്ന് വിവിധ ആവശ്യങ്ങൾ വിവരശേഖരണ ഫോമിൽ പൂരിപ്പിച്ചെടുക്കുന്നു. ഈ ഫോമുകൾ എഡിഎസ് തലത്തിൽ ക്രോഡീകരിച്ചു കൊണ്ട് വാർഡ്തല പദ്ധതി തയാറാക്കുകയും തുടർന്ന് ഈ പദ്ധതികൾ ക്രോഡീകരിച്ച് പഞ്ചായത്ത്തല പദ്ധതി തയാറാക്കുകയും ചെയ്യും.

ഇപ്രകാരം വിപിആർപി യിൽ സിഡിഎസ്തല പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. എഡിഎസ് പരിശീലനങ്ങൾ പുരോഗമിക്കുകയാണ്. ഇതും പൂർത്തിയായിക്കഴിഞ്ഞ് അയൽക്കൂട്ടതല പ്രത്യേക യോഗങ്ങളും ചേർന്ന് 2021 ജനുവരി 26ഓട് കൂടി കേരളത്തിലെ 941 പഞ്ചായത്തുകളുടെയും മുന്നിൽ കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺമാരുടെ നേതൃത്വത്തിൽ ആ പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങളും പ്രശ്ന പരിഹാരങ്ങളുമൊക്കെ അടങ്ങിയ ദാരിദ്ര്യ ലഘൂകരണ പദ്ധതി അവതരിപ്പിക്കാനാണ് ഞങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നത്. പുതുതായി സ്ഥാനമേറ്റെടുത്ത ജനപ്രതിനിധികളുടെ മുന്നിൽ ഏറ്റവും താഴേത്തട്ടിൽ നിന്നുള്ള ആസൂത്രണത്തിന് പ്രാധാന്യം കൊടുത്ത് കൊണ്ട് തയാറാക്കിയ വിപിആർപി അവതരിപ്പിക്കപ്പെടുമ്പോൾ ജനങ്ങൾക്ക് ആവശ്യമുള്ള പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയാനും പഞ്ചായത്ത് മുൻഗണന നൽകി ഏറ്റെടുക്കേണ്ട പദ്ധതി ഏതൊക്കെയെന്ന് മനസ്സിലാക്കാനും പഞ്ചായത്ത് ഭരണസമിതിക്ക് കഴിയുന്നു. കുടുംബശ്രീ സംഘടനാ സംവിധാനവും പഞ്ചായത്തും തമ്മിലുള്ള ബന്ധം ഊഷ്മളമാകുകയും ഊട്ടി ഉറപ്പിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ജനങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന് സ്വമേധയാ ഉറപ്പാക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഈ ബൃഹത് പ്രവർത്തനം കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളെല്ലാം ആത്മാർത്ഥതയോടെ ഏറ്റെടുക്കണമെന്നും ആസൂത്രണത്തിൽ മികച്ച പങ്കാളിത്തമുണ്ടാകണമെന്നും അഭ്യർത്ഥിക്കട്ടെ.

വിപിആർപി മാർഗ്ഗനിർദ്ദേശങ്ങളും മറ്റും www.kudumbashree.org/pages/476 എന്ന ലിങ്കിൽ ലഭ്യമാണ്.